# വിദ്യാപഥം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

Estd 1968

എസ്.എൻ.ഡി.പി.യു.പി.സ്കൂൾ
കരുംകുളം

# ഉള്ളടക്കം


- അടിസ്ഥാനവിവരങ്ങൾ
- ആമുഖം
- വിദ്യാലയം പിന്നിട്ട നാഴികക്കല്ലുകൾ
- പൊതുലക്ഷ്യങ്ങൾ
- പരിമിതികൾ, പ്രതിസന്ധികൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
  മികവിനായ്
- ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- പദ്ധതിവിശദാംശങ്ങൾ
- സ്കൂൾ സുരക്ഷ
- ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | **എസ്.എൻ.ഡി.പി യു.പി.സ്കൂൾ കരുംകുളം** |
| വിലാസം | കരുംകുളം, പുതിയതുറ പി ഒ, പിൻ 695526 |
| ഫോൺ നമ്പർ | +91 97465 82110 |
| സ്കൂൾ കോഡ് | 44451 |
| വിദ്യാഭ്യാസ ഉപജില്ല | നെയ്യാറ്റിൻകര |
| വിദ്യാഭ്യാസജില്ല | നെയ്യാറ്റിൻകര |
| റവന്യൂജില്ല | തിരുവനന്തപുരം |
| ബി.ആർ.സി | നെയ്യാറ്റിൻകര |
| സി.ആർ.സി | പുല്ലുവിള |
| ഗ്രാമപഞ്ചായത്ത് | കരുംകുളം |
| ബ്ലോക്ക് പഞ്ചായത്ത് | അതിയന്നൂർ |
| ജില്ലാ പഞ്ചായത്ത് | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | കോവളം |
| ലോകസഭാമണ്ഡലം | തിരുവനന്തപുരം |
| താലൂക്ക് | നെയ്യാറ്റിൻകര |
| വില്ലേജ് | കരുംകുളം |
| ഇ-മെയിൽ | 44451sndplupskarumkulam@gmail.com |
| സ്കൂൾ വിക്കി | |

# ആമുഖം

അറബിക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രശാന്തസുന്ദരമായ വിദ്യാലയമാണ് എസ്.എൻ.ഡി.പി.എൽ. & യു.പി. സ്കൂൾ. എൽ.പി. സ്കൂളുകളായ സെന്റ് ആൻഡ്രൂസും സെന്റ് ആന്റണീസും ഉണ്ടായിരുന്ന കാലഘട്ടത്തിൽ തുടർപഠനത്തിനായ് കുട്ടികൾ കാൽനടയായി ഏറെ ദൂരം സഞ്ചരിക്കേണ്ട സ്ഥിതിവിശേഷമുണ്ടായിരുന്നു. ഈ പരിതസ്ഥിതിയിൽ ജാതിമതഭേദമെന്യേ നല്ലവരായ നാട്ടുകാരെല്ലാവരും ചേർന്ന് നടത്തിയ ശ്രമഫലമായിട്ടാണ് ഈ സ്ഥാപനം ഉടലെടുക്കുന്നത്. 1968 ൽ അഞ്ചാം ക്ലാസിൽ 151 വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ഇപ്പോൾ സുവർണ്ണജൂബിലി ആഘോഷത്തിന്റെ നിറവിലാണ്. എസ്.എൻ.ഡി.പി യോഗം 721-ാം നമ്പർ ശാഖയുടെ അധീനതയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കാലാകാലങ്ങളിൽ നടക്കുന്ന എസ്.എൻ.ഡി.പി പൊതുയോഗത്തിൽ തെരെഞ്ഞെടുക്കപ്പെട്ട വ്യക്തി ശാഖാപ്രസിഡന്റ് സ്ഥാനം വഹിക്കുന്നതോടൊപ്പം സ്കൂൾ മാനേജർ സ്ഥാനവും വഹിക്കുന്നു. ലോകത്തെ ഏറ്റവും ജനസാന്ദ്രമായ പഞ്ചായത്ത് എന്ന ലോകറെക്കോർഡുള്ള ഗ്രാമമായ കരുംകുളം ജനമൈത്രിയുടെ കാര്യത്തിലും ഏറെ മുന്നിലാണ് എന്നതും അഭിമാനിക്കാവുന്ന വസ്തുതയാണ്. യു.പി. വിഭാഗം മാത്രമായി പ്രവർത്തിക്കുന്ന വിദ്യാലയമാണിത്.

സാമൂഹികപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന കരുംകുളം പഞ്ചായത്തിലെ തീരദേശത്ത് താമസിക്കുന്ന കുട്ടികളാണ് ഈ സ്കൂളിലേയ്ക്ക് വരുന്നത്. പ്രധാനമായും തൊട്ടടുത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളായ St.Andrews LPS, St. Antonys LPS, St.Nicholas L.P.S, MSc L.P.S Pampukala എന്നീ സ്കൂളിലെ വിദ്യാർത്ഥികളാണ് ഇവിടെ വരുന്നത്.

# അദ്ധ്യാപകരും വിവരങ്ങളും

## 2025-26

| അധ്യാപകന്റെ പേര് | സബ്ജക്ട് | ചുമതല |
|---|---|---|
| ഷീജ ആർ | എച്ച് എം | ഗണിതം |
| ആശ പരേഖ് എ | സയൻസ്/ ഇംഗ്ലീഷ് | ഗാന്ധിദർശൻ, സയൻസ്, കലോൽസവം, പ്രവൃത്തിപരിചയം |
| സുരേഷ് എസ് എസ് | സോഷ്യൽ സയൻസ്/ ഇംഗ്ലീഷ് | ഉച്ചഭക്ഷണം, വിദ്യാരംഗം സോഷ്യൽ സയൻസ് ക്ലബ് |
| Dudit Miranda | Hindi | ഹിന്ദി, ഗാന്ധിദർശൻ, SPG, SRG Convenor |
| Aswani G Krishnan | സംസ്കൃതം/ മലയാളം II | Library, Sports, IT സ്റ്റാഫ് സെക്രട്ടറി |

## വിദ്യാലയം പിന്നിട്ട നാഴികക്കല്ലുകൾ

ഭൂരിഭാഗം തീരദേശനിവാസികളായ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. 40% ഉന്നത നിലവാരം പുലർത്തുന്നവരും, 40% ശരാശരി നിലവാരം പുലർത്തുന്നവരും, 20 ശതമാനത്തോളം കുട്ടികൾ പഠനത്തിൽ പിന്നോക്കാവസ്ഥയിലുമാണ്.

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സബ് ജില്ലാതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത ആറ് വിദ്യാർത്ഥികളിൽ 5 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയുണ്ടായി. കായിക മത്സര ഇനത്തിൽ 100 മീറ്റർ ഓട്ടമൽസരത്തിൽ പങ്കെടുക്കുകയും സബ്ജില്ലാതലത്തിൽ 3-ാം സ്ഥാനം നേടി വിജയിക്കുകയും ചെയ്തു. സംസ്കൃതകലോൽസവത്തിൽ സബ്ജില്ലാതലത്തിൽ നാലാം സ്ഥാനവും കരസ്ഥമാക്കുവാൻ സാധിച്ചു. 2024-25 ശാസ്ത്രമേളയിൽ യു.പി വിഭാഗത്തിൽ രണ്ട് ഇനത്തിൽ രണ്ട് കുട്ടികൾക്ക് ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. കലാമേള സംസ്കൃതതിൽ ജില്ലാതലത്തിൽ എ ഗ്രേഡ് ലഭിച്ചു.

2018 അക്കാദമിക മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചിരുന്ന പെൺകുട്ടികളുടെ ഇ-ടോയ്ലറ്റ്, ആൺകുട്ടികളുടെ ടോയ്ലറ്റ്, അടച്ചുറപ്പുള്ള അടുക്കള, ജൈവ വൈവിധ്യപാർക്ക്, ബയോഗ്യാസ് പ്ലാന്റ് എന്നിങ്ങനെയുള്ള പരിമിതികൾ മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്.

2024 - 2025 അധ്യയന വർഷത്തിൽ ഷീറ്റിട്ട കെട്ടിടത്തിൽ നിന്നും കോൺക്രീറ്റ് കെട്ടിടത്തിലേക്ക് പ്രവർത്തനം ആരംഭിച്ചു.

## പൊതുലക്ഷ്യങ്ങൾ

- ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം, ആരോഗ്യം, കായികം, പ്രവൃത്തി പരിചയം എന്നിവയിലെ ശേഷി വികസനം

മലയാളം

- എല്ലാ കുട്ടികളും അക്ഷരത്തെറ്റില്ലാതെ മലയാള ഭാഷ കൈകാര്യം ചെയ്യുന്നു.
- ഏഴാം തരം കഴിയുന്നതോടെ എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണത്തോടെ മലയാളത്തിൽ എഴുതാനും വായിക്കാനും കഴിയുന്നു.
- ഭാഷാ വികസനത്തിൽ സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തുന്നു.

ഇംഗ്ലീഷ്

- 5 മുതൽ 7 വരെയുള്ള കുട്ടികൾക്ക് കമ്മ്യുണിക്കേറ്റീവ് ഇംഗ്ലീഷിൽ താൽപര്യം വളർത്തുന്നു.

ഹിന്ദി

- യു.പി തലത്തിൽ എല്ലാ കുട്ടികളെയും ഹിന്ദി വായനയിലേക്ക് എത്തിക്കുന്നു.
- എല്ലാ കുട്ടികളെയും ഹിന്ദി ഭാഷയിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുന്നു.

ഗണിതം

- ഗണിത പഠനം ആകർഷമാക്കുന്നു.
- ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു.

ശാസ്ത്രം

- പരീക്ഷണങ്ങൾ രസകരമാക്കുന്നതിനായി പരീക്ഷണ കിറ്റുകൾ നൽകുന്നു.
- പാഠഭാഗങ്ങളുടെ ആശയ വ്യക്തതയ്ക്കായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാൻ സഹായിക്കുന്നു.

സാമൂഹ്യശാസ്ത്രം

- എല്ലാ സാധ്യമായ ദിനാചരണങ്ങളും അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു.

പ്രവൃത്തിപഠനം

- പഠനത്തോടൊപ്പം ചില നൈപുണികൾ കുട്ടികളിൽ വളർത്തുന്നു.

പ്രത്യേക ഊന്നലുകൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള പഠനപ്രവർത്തനങ്ങൾ നടത്തുന്നു.
- രണ്ട് മാസത്തിലൊരിക്കൽ പി.റ്റി.എ, സി.പി.റ്റി.എ എന്നിവ നടത്തുന്നു.

## പരിമിതികൾ

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്, സ്കൂൾ ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. സ്കൂൾ ബസ്സില്ല. ചുറ്റുമതിൽ പൂർണ്ണമല്ല, പ്രധാന കവാടമില്ല. ഭോജനശാല ആവശ്യമാണ്. ആകർഷമായ വിധത്തിൽ പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്.

## പ്രതിസന്ധികൾ

എൽ.പി തലമോ ഹൈസ്കൂൾ തലമോ യു.പി തലമോ മാത്രം നിലകൊള്ളുന്ന വിദ്യാലയമായതിനാൽ ഈ മൂന്ന് വർഷത്തേക്ക് മാത്രമായി കുട്ടികളെ വിടാൻ രക്ഷിതാക്കൾ മടിക്കുന്നതാണ് കുട്ടികളുടെ ക്രമാതീതമായ കുറവിന് കാരണം. ഈ കുറവ് പരിഹരിക്കുന്നതിനായി ദൂരമേഖലകളിൽ നിന്നും കുട്ടികളെ ആകർഷിക്കുന്നതിന് വാഹനസൗകര്യം ലഭ്യമല്ലാത്തത് ഒരു വലിയ പ്രതിസന്ധിയായി നിലകൊള്ളുന്നു. ഇതോടൊപ്പം സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ ഈ പ്രതിസന്ധി മറികടക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- "വിദ്യകൊണ്ട് പ്രബുദ്ധരാവുക" എന്ന ശ്രീ നാരായണ ഗുരുദേവന്റെ മഹത് വചനത്തേയും, വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ആപ്തവാക്യത്തെയും മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും സാക്ഷാത്കരിക്കുന്ന വിദ്യാലയത്തെ വാർത്തെടുക്കുകയെന്നതാണ് പ്രധാന ലക്ഷ്യം.
- പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽകരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷമൊരുക്കൽ.
- മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും എല്ലാ കുട്ടികളും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- ഒരു തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ അവകാശികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും, സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുവാനും കുട്ടികളെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ മാസ്റ്റർപ്ലാൻ അവതരണവും ചർച്ച ചെയ്യലും
- വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന വേദിയിൽ അവതരിപ്പിക്കൽ
- ഗുണപരമായി ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ, പി.റ്റി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ
- ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നതിന് പ്രാധാന്യം നൽകണം. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവരുടെയും ഭിന്നശേഷിക്കരുടെയും പഠനമുന്നേറ്റം ലക്ഷ്യമിടുന്ന പഠന പ്രവർത്തനങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തണം. പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടാകണം.

# മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ്പഠനപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• ലൈബ്രറി ശാക്തീകരണം<br>• ജൈവവൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• അദ്ധ്യാപക ശാക്തീകരണം<br>• ക്ലാസ് പി റ്റി എ സജീവമാക്കൽ<br>• സ്കൂൾപത്രം/ മാസിക നിർമ്മാണം<br>• എസ് ആർ ജി ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ദിനാചരണം<br>• കായികപഠനം<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ | • ക്ലാസ് മുറികൾ<br>• ഓഫീസ് റൂം, സ്റ്റാഫ് റൂം<br>• ചുറ്റുമതിൽ, ഗേറ്റ്<br>• കമ്പ്യൂട്ടർ റൂം<br>• മൾട്ടിമീഡിയ റൂം<br>• ഡൈനിംഗ് ഹാൾ<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം<br>• കൃഷി, ഉദ്യാനം, ഔഷധ പാർക്ക്<br>• ഭക്ഷ്യോത്സവം<br>• ഗണിതോത്സവം | • പി റ്റി എ ശക്തിപ്പെടുത്തൽ<br>• എസ് എം സി, എസ് എം ഡി സി, എസ് ആർ ജി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി<br>• എസ് എസ് ജി, എൽ എസ് ജി ബന്ധം<br>• ക്ലാസ്സ് പി റ്റി എ മാതൃകപരമാക്കുന്നതിനുള്ള പരിപാടി<br>• വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ മികവുകൾ സമൂഹത്തിന് കൂടി പ്രയോജനപ്പെറ്റുത്തൽ<br>• പ്രാദേശിക പി റ്റി എ<br>• ഭവന സന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം 1 മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ ഹെൽപ്പിംഗ്ഹാന്റ് | • പ്രീ ടെസ്റ്റ് (02.06.2025)<br>• അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ, അക്ഷരം തിരിച്ചറിയൽ<br>• വാക്കുകൾ നിർമ്മിക്കൽ, ചിത്രകഥ പറയിപ്പിക്കൽ, സി ഡി യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>• എഴുത്തുക്കൂട്ടരൂപീകരണം, ക്ലാസ്സ് ലൈബ്രറി, വായനനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ഭാഷാപ്രോജക്ട്, വ്യക്തിഗത രചന, സംഘരചന | 1 വർഷം | എല്ലാ അംഗങ്ങളും | |

## പ്രവർത്തനം 2 English

| Aim | Activities | Duration | Responsible | Fund |
|---|---|---|---|---|
| • To make students capable reading and writing<br>• To lesson stage fear<br>• To create frank speaking<br>• To make students aware of to present in stage play<br>• Make students do correct movement according to situation<br>• To give opportunity to student for expressing their talents. | 1. STORY TIME:-<br>• Pre-test [02.06.2025]<br>• Finding stories related to content.<br>• Finding various methods that can be used for adopting while presentation such as dramatization, puppet shows etc.<br>• Presentation | June – July | English Tr. | |
| | 2. PUBLIC SPEAKING:-<br>• Creating opportunities to address the Public. [Giving awareness of speaking through audio or video media] | August – September | | |
| | 3. DRAMA AND THEATER:-<br>• Finding dramatically situation based on content.<br>• Script writing-Presentation | September – October | | |
| | 4. CINEMA AND DOCUMENTARY:-<br>• Developing situation for Public presentation. | November – December | | |
| | 5. CHOREOGRAPHY:-<br>• Presentation of technique of various movements. | | | |
| | 6. YOUNG – TALENTS:-<br>• News reading<br>• Speech | January – February | | |
| | • Recitation<br>• Acting | One Year | | |

# പ്രവർത്തനം 3 സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • സസ്കൃതപഠനം, വായന രചന | • അക്ഷരപഠനം, പദകോശം, ശബ്ദകോശം, സംഖ്യാകോശം, അക്ഷരകാർഡ്, അക്ഷരം തിരിച്ചറിയൽ | തുടർപ്രവർത്തനം | സംസ്കൃതാധ്യാപിക കുട്ടികൾ | |
| • സംസ്കൃത യാത്ര | • സംസ്കൃത പ്രാധാന്യമുള്ള സ്ഥലങ്ങൾ, കവികളുടെയും മറ്റു പ്രാധാന്യമുള്ള സ്ഥലങ്ങളും, മഹന്മാരുടെയും ഗൃഹസന്ദർശനം, കലാകേന്ദ്ര സന്ദർശനം | വർഷത്തിൽ 1 തവണ | എച്ച്.എം. അധ്യാപകർ, എസ് ആർ ജി | |
| • വാർത്താ സംസ്കൃതം | • കയ്യെഴുത്തു മാസിക നിർമ്മാണം, സംസ്കൃത വാർത്തകൾ കേൾക്കാനുമുള്ള അവസരം, പരിശീലനം സ്കൂൾ അസംബ്ലിയിൽ അവതരണം | സംസ്കൃത ദിനത്തിൽ | സംസ്കൃത അധ്യാപിക, കുട്ടികൾ, സംസ്കൃത ക്ലബ്ബ് | |
| • ദശപുഷ്പോദ്യാന നിർമ്മാണം | • കൃഷി അറിവ് നൽകൽ, പുഷ്പദശേഖരണം, ഉചിതമായ സ്ഥലത്ത് നടലും പരിപാലനവും, നാമപത്രിക സ്ഥാപിക്കൽ | വർഷത്തിൽ 1 തവണ | അധ്യാപിക, എച്ച്.എം, എസ്.ആർ.ജി, കുട്ടികൾ | |
| • സാങ്കേതിക സംസ്കൃതം | • ഐ.റ്റിയിലൂടെ സംസ്കൃത പഠനം, സംസ്കൃത ടൈപ്പിംങ്ങ്, സൈഡ് നിർമ്മാണം. | വർഷത്തിൽ 2 തവണ | അധ്യാപിക, കുട്ടികൾ | • |
| • സംസ്കൃത പ്രദർശിനി<br>• സംസ്കൃത ലൈബ്രറി | • നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയുടെ നാമങ്ങൾ സംസ്കൃതത്തിൽ എഴുതി പ്രദർശനം | സംസ്കൃത ദിനത്തിൽ | അധ്യാപിക, കുട്ടികൾ, എസ്.ആർ.ജി, സംസ്കൃതക്ലബ്ബ് | |

## പ്രവർത്തനം 4 ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുക്കതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.<br>• 5,6,7 കുട്ടികൾക്ക് അക്ഷരബോധം ഉറപ്പിക്കൽ<br>• തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും<br>• ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക | • അക്ഷരപഠനം, അടയാളം, ഉറപ്പിക്കൽ, പദക്കാർഡ്, വാക്കുകൾ നിർമ്മിക്കൽ, അക്ഷരകാർഡ് നൽകൽ, ഹിന്ദിയിൽ എഴുതുവാനുള്ള അവസരം നൽകൽ<br>• ഹിന്ദി സിനിമകൾ, വാർത്തകൾ എന്നിവ കേൾക്കുവാനും കാണുവാനുമുള്ള അവസരം നൽകൽ<br>• വിഷയാടിസ്ഥാനത്തിൽ സംഭാഷണങ്ങളിൽ ഏർപ്പെടുക<br>• ഹിന്ദി വിവിധ പകിപ്പുകൾ തയ്യാറാക്കൽ, ഹിന്ദിയി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ, വാക്കുകൾ വാചകങ്ങളാക്കൽ, വാചകങ്ങൾ കൊണ്ട് ആശയവിനിമയം നടത്തൽ<br>• പുതിയ പദങ്ങൾ, പദ്യങ്ങൾ, ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കികൊടുത്ത് പഠിപ്പിക്കും<br>• നിരന്തരം പുസ്തകം വായ്ച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും | തുടർ പ്രവർത്തനം<br>Jun-Feb<br>Jun-Feb<br>Jun-Feb<br>Jun-Feb | ഹിന്ദി അദ്ധ്യാപിക, കുട്ടികൾ, എസ്.ആർ.ജി ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപിക, കുട്ടികൾ, എസ്.ആർ.ജി ഹിന്ദി ക്ലബ്ബ്<br>ഹിന്ദി അദ്ധ്യാപിക, കുട്ടികൾ, എസ്.ആർ.ജി ഹിന്ദി ക്ലബ്ബ് | S S A ഫണ്ട്<br>School ഫണ്ട്<br>സ്റ്റാഫ് ഫണ്ട് |

# പ്രവർത്തനം 5 ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കാർഷിക പാഠം<br>• ശാസ്ത്രലാബ് സജ്ജീകരിക്കൽ, ശില്പശാല<br>• ശാസ്ത്രപഠനം ഐ.സി.റ്റി സാധ്യതകളിലൂടെ<br>• ഊർജ്ജസംരക്ഷണം<br>• നൂതനാശയങ്ങൾ അറിയുന്നതിലൂടെ മികവ് ഉറപ്പ് വരുത്തുന്നു<br>• ശാസ്ത്രബോധമുള്ള കുട്ടികളെ വളർത്തിയെടുക്കൽ | • ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മാണം | ദീർഘം | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്രാധ്യാപിക, അധ്യാപകരും | |
| | • സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസവസ്തുക്കളും ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ, ശാസ്ത്രോപകരണ നിർമ്മാണം, ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ.<br>• ഊർജ്ജ സംരക്ഷണം പ്രവർത്തനങ്ങളെക്കുറിച്ച് അവബോധാനക്ലാസ്സ്, പരീക്ഷണം നിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കുന്നു. | ഹ്രസ്വം | ശാസ്ത്രാധ്യാപിക | |
| | • പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, പ്രോജക്ട്, സെമിനാർ എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു.<br>ആനുകാലിക സംഭവങ്ങൾ, കണ്ടെത്തലുകൾ എന്നിവ ചുമർ പത്രികയിൽ പ്രദർശിപ്പിക്കുകയും അത് വായിച്ചറിയുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ഹ്രസ്വം | ശാസ്ത്രാധ്യാപിക | |
| | • ദിനാചരണങ്ങൾക്ക് യോജ്യമായ രീതിയിൽ ആചരിക്കുന്നു<br>• ക്വിസ്, വായനാകുറിപ്പ് തയ്യാറാക്കുന്നു | ദീർഘം | ശാസ്ത്രാധ്യാപിക | |

## പ്രവർത്തനം 6 ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • രസകരമായ ഗണിതപഠനവും രചനാശേഷികളുടെ വികാസവും<br>• ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>• ഗണിത മധുരമാക്കൽ<br>• പ്രായോഗിക പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഗണിതം പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് നേടുക<br>• സ്ഥാനവില ഉറപ്പിക്കൽ<br>• ചതുഷ്ക്രിയ ഉറപ്പിക്കൽ<br>• പ്രശ്നാപഗ്രഥനം<br>• വിവിധശേഷികളുടെ വികസനം | • ഓറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ<br>• ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ<br>• ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി അവയുടെ നിർമ്മാണവും പ്രദർശനവും<br>• ICT ഉപയോഗിച്ച് പാഠഭാഗങ്ങൾ വിശദീകരിക്കുന്നത്<br>• ജിയോജിബ്ര ഉപയോഗിച്ച് ജ്യാമിതീയരൂപങ്ങൾ വരയ്ക്കൽ<br>• ഗണിതലാബ് | വർഷത്തിൽ 1 തവണ<br><br>ആവശ്യാനുസരണം<br><br>വർഷത്തിൽ 1 തവണ<br><br>ദീർഘകാലം | ഗണിതാധ്യാപിക, ഐ.എസ്സ്.എസ്സ്<br><br>ഗണിത ക്ലബ്ബ് എസ്.ആർ.ജി<br><br>ഗണിത ക്ലബ്ബ്<br><br>ഗണിതാധ്യാപിക | 1000 ഒ എസ് എ |

# പ്രവർത്തനം 7 സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്<br>• കുട്ടികളെ ചരിത്ര ബോധമുള്ളവരാക്കുക<br>• ബുള്ളറ്റിൻ ബോർഡ്<br>• മത്സരപരീക്ഷകളിൽ മികവ് പുലർത്തുക<br>• ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ<br>• ജീവിതനൈപുണി കൈവരിക്കൽ<br>• പ്രകൃതി ദുരന്തങ്ങളെ മനസിലാക്കി | • സാമൂഹ്യശാസ്ത്ര പ്രധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര<br>• സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ<br>• വെർച്വൽ ഫീൽഡ് ട്രിപ്പ് ചരിത്രപ്രാധാന്യമുള്ള വീഡിയോ പ്രദർശിപ്പിക്കൽ<br>• എല്ലാ പ്രവൃത്തി ദിനങ്ങളിലും അസംബ്ലിയിൽ 5 ചോദ്യോത്തരങ്ങൾ ചോദിക്കുന്നു. നോട്ടീസ് ബോർഡിൽ പ്രദർശനം. എല്ലാകുട്ടികളും എഴുതിയെടുക്കുന്നു. വർഷാവസാനം ക്വിസ്സ് മത്സരം നടത്തി വിജയിയെ കണ്ടെത്തുന്നു.<br>• പ്രകടന പത്രിക, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ<br>• പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള കുട്ടികൾക്ക് ധാരണയില്ലായ്മ ഉണ്ട്. | വർഷത്തിൽ 2 തവണ<br><br>എല്ലാ പ്രവർത്തിദിനങ്ങളിലും<br><br>ദീർഘലം<br><br>വർഷത്തിൽ 1 തവണ | സാമൂഹ്യ ശാസ്ത്രാധ്യാപകൻ<br><br>സോഷ്യൽ സയൻസ് ക്ലബ്ബ്<br><br>S R G | 2000 (സ്പോൺസർഷിപ്പ്)<br>3000 |

# പ്രവർത്തനം 7 സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്<br>• കുട്ടികളെ ചരിത്ര ബോധമുള്ളവരാക്കുക<br>• ബുള്ളറ്റിൻ ബോർഡ്<br>• മത്സരപരീക്ഷകളിൽ മികവ് പുലർത്തുക<br>• ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ<br>• ജീവിതനൈപുണി കൈവരിക്കൽ<br>• പ്രകൃതി ദുരന്തങ്ങളെ മനസിലാക്കി | • സാമൂഹ്യശാസ്ത്ര പ്രധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര<br>• സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ<br>• വെർച്വൽ ഫീൽഡ് ട്രിപ്പ് ചരിത്രപ്രാധാന്യമുള്ള വീഡിയോ പ്രദർശിപ്പിക്കൽ<br>• എല്ലാ പ്രവൃത്തി ദിനങ്ങളിലും അസംബ്ലിയിൽ 5 ചോദ്യോത്തരങ്ങൾ ചോദിക്കുന്നു. നോട്ടീസ് ബോർഡിൽ പ്രദർശനം. എല്ലാകുട്ടികളും എഴുതിയെടുക്കുന്നു. വർഷാവസാനം ക്വിസ്സ് മത്സരം നടത്തി വിജയിയെ കണ്ടെത്തുന്നു.<br>• പ്രകടന പത്രിക, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ<br>• പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള കുട്ടികൾക്ക് ധാരണയില്ലായ്മ ഉണ്ട്. | വർഷത്തിൽ 2 തവണ<br>എല്ലാ പ്രവർത്തിദിനങ്ങളിലും<br>ദീർഘം<br>വർഷത്തിൽ 1 തവണ | സാമൂഹ്യ ശാസ്ത്രാ ധ്യാപകൻ<br>സോഷ്യൽ സയൻസ് ക്ലബ്ബ്<br>S R G | 2000 (സ്പോൺസർ ഷിപ്പ്)<br>3000 |

| | | | | |
|---|---|---|---|---|
| രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുക | • വിദഗ്ദ്ധരായ ആളുകളുടെ ക്ലാസ്സുകളോ, അഭിമുഖമോ പഠനയാത്രയോ സംഘടിപ്പിയ്ക്കാൻശ്രമിക്കുന്നുണ്ട്. ഭൂമി ശാസ്ത്രപരമായ പാഠ ഭാഗങ്ങൾ വ്യക്തത വേണ്ടതുണ്ട്.<br>• ഐ റ്റി അധിഷ്ഠിത പഠനത്തിന് ഇന്റർനെറ്റ് ലഭ്യതക്കുറവ് ചില പരിമിതികൾ ഉളവാക്കുന്നുണ്ട്.<br>• എന്നാൽ ദിനാചരണവും, സാമൂഹിക സേവനങ്ങളും, വിവിധ ആഘോഷങ്ങളും കുട്ടികളുടെ പങ്കാളിത്തത്തോടെ ജനകീയമായി സംഘടിപ്പിക്കുന്നുണ്ട്. | ആവശ്യാനുസരണം | | |

## പ്രവർത്തനം 8 ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. ദിനചരണങ്ങൾ പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

## പ്രവർത്തനം 9 ജന്മദിനത്തിനൊരു പുസ്തകം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു ചെടി വീതം സ്കൂളിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെയും പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടിച്ചർ ക്ലാസ്സ് ലീഡർ | ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം |

## പ്രവർത്തനം 13 മൈതാന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിശാലമായ മൈതാനം നിർമ്മിക്കൽ. | 2 വർഷം | എൽ.എസ്.ജി.ഡി | കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ |

## പ്രവർത്തനം 14 ജൈവ വൈവിധ്യ പാർക്ക് നിലനിർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ചോളം കൃഷി തുടരുന്നു | തുടർപ്രവർത്തനം | സ്കൂൾ സ്റ്റാഫ്സ് | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക |

## പ്രവർത്തനം 15 കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനയ്ക്ക് പരിപോഷണം | നൃത്തം, സംഗീതം, ചിത്രരചന,നാടകം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി മികവുറ്റ അധ്യാപകരെ ചുമതലപ്പെടുത്തുന്നു. പരിശീലനം നൽകുന്നു. | തുടർപ്രവർത്തനം | ആർട്സ്ക്ലബ്ബ്, കലാദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ | കലാവാസനയ്ക്ക് പരിപോഷണം |

## പ്രവർത്തനം 16 ഹെൽപ്പിംഗ്ഹാന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനപിന്നോക്കക്കാർക്ക് ഒരു കൈതാങ്ങ് നൽകി പഠനത്തിലും ജീവിതത്തിലും മുന്നിലെത്തിക്കുക | അക്ഷരം ഉറപ്പിക്കൽ, അക്ഷരകാർഡ് നൽകൽ, അക്ഷരം തിരിച്ചറിയൽ, അടയാളം ഉറപ്പിക്കൽ, ചിത്രകഥ പറയിപ്പിക്കുക. ജാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ കഴിയുന്ന നിത്യോപയോഗ സാധനങ്ങൾ നൽകി തിരിച്ചറിയൽ, കഥയുടെ ബാക്കി പറയിപ്പിക്കുക, ഹലോ ഇംഗ്ലീഷ് സംഭാഷണത്തിൽ ഏർപ്പെടാൻ അവസരം നൽകൽ, ചിത്രങ്ങൾ സംയോജിതമായി യോജിപ്പിക്കൽ, കലാകായിക പ്രവൃത്തി പരിചയത്തിൽ പൂർണ്ണ പങ്കാളികളാക്കുക. | 1 വർഷം | | |

## പ്രവർത്തനം 18 പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തത അനുസരിച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസവും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, ഹെച്ച് എം, മറ്റ് അധ്യാപകർ | ഫണ്ട് |

## മേഖല - കായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കായിക പഠനത്തിലൂടെയും പരിശീലനത്തിലൂടെയും കുട്ടികളിൽ ആരോഗ്യശീലം വളർത്തുന്നതിന്<br>• വിവിധ കായിക ഇനങ്ങളെകുറിച്ച് അറിയുന്നതിന് | • P E T പീരിഡ് ഗ്രൗണ്ടിൽ കൊണ്ടുപോകുന്നു. ചെറിയ കായിക വിനോദങ്ങൾ മത്സരമായി നടത്തുന്നു.<br>• കായിക ഇനങ്ങളിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br>• വിവിധ വ്യായാമ പ്രവർത്തനങ്ങളിലൂടെ കായിക ക്ഷമത കൈവരിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | Jun-March | | |

# മേഖല അടിസ്ഥാന ശാസ്ത്രം

| പ്രശ്നങ്ങൾ | പഠനപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | 5, 6, 7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു. ഉപകരണ നിർമ്മാണ ശിൽപശാല നടത്തുന്നു. | | 2500 | സയൻസ് ക്ലബ്ബ് |
| ശാസ്ത്രീയ പ്രക്രിയ ശേഷികൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | സ്കൂൾ ലാബ് ശാക്തീകരണം<br>ശാസ്ത്രപരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്ലാസുകൾ<br>എല്ലാവർക്കും ശാസ്ത്രപരീക്ഷണം ചെയ്യാൻ അവസരം നൽകുന്നു | എല്ലാവർഷവും | 3000 | പി റ്റി എ സയൻസ് ക്ലബ്ബ് |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക. | ഐ സി റ്റി വിഭവങ്ങൾ തയ്യാറാക്കൽ<br>ഡിജിറ്റൽ ലൈവ് ക്ലാസുകൾ | എല്ലാവർഷവും | 5000 | സയൻസ് ക്ലബ്ബ് മാനേജിംഗ് കമ്മിറ്റി |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം കുറയുന്നു. | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>എല്ലാ ക്ലാസുകളിലും ശാസ്ത്രവിസ്മയ ചുമർ പത്രിക | എല്ലാവർഷവും | 5000/-<br>6000/- | പി റ്റി എ<br>എസ് എം സി |
| കുട്ടികളിൽ പോഷകാഹാരത്തിന്റെ പ്രാധാന്യം കുറയുന്നു | വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ക്ലാസുകൾ<br>ശാസ്ത്ര സ്കിറ്റുകൾ അവതരണം | വർഷവസാനം | 500/- | എസ് എം സി |

# യു പി വിഭാഗം

## മേഖല - പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ | • വിദ്യാലയ വർഷാരംഭത്തിൽതന്നെ ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നു. അവരുടെ കഴിവുകൾ തിരിച്ചറിയുന്നു.<br>• പാഠഭാഗങ്ങൾ ഇവർക്കായി പ്രത്യേകം അനുരൂപീകരണം നടത്തുന്നു.<br>• പ്രവർത്തനങ്ങൾ ഐ സി ടി സഹായത്തോടെ നടത്തുന്നു.<br>• പ്രത്യേക മൂല്യനിർണയ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.<br>• കൂടുതൽ പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ - മാർച്ച് |

# സ്കൂൾ ദുരന്ത നിവാരണ ആസൂത്രണ രേഖ

I. അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | സ്കൂളിന്റെ പേര് | : SNDP UPS കരുംകുളം |
| 2. | ജില്ല | : തിരുവനന്തപുരം |
| 3. | വിലാസം | : SNDP UPS കരുംകുളം, പുതിയതുറ പി ഒ |
| 4. | ഹെഡ് മാസ്റ്ററുടെ/ പ്രിൻസിപ്പലിന്റെ പേര് | : ഷീജ ആർ |
| 5. | ദുരന്ത നിവാരണത്തിന്റെ / സ്കൂൾ സുരക്ഷയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേര് | : ഡ്യൂഡിറ്റ് മിരാന്റ് സി |
| 6. | അധ്യാപക അനധ്യാപകരുടെ എണ്ണം | : 6 |
| 7. | കുട്ടികളുടെ എണ്ണം | : 45 |
| 8. | സ്കൂൾ ബസ് ജീവനക്കാരുടെ എണ്ണം | : 2 |
| 9. | സ്കൂൾ ബസുകളുടെ എണ്ണം | : 1 |
| 10. | ക്ലാസ് മുറികളുടെ എണ്ണം | : 3 |
| 11. | ലബോറട്ടറികളുടെ എണ്ണം | : ഇല്ല |

II. സ്കൂളിലെയും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തെയും ദുരന്ത സാധ്യതകളെ/ വിപത്തുകളെ പറ്റിയുള്ള ചെറുവിവരണം

III. സ്കൂളിലോ സമീപപ്രദേശത്തോ മുൻകാലങ്ങളിൽ ഉണ്ടായ ദുരന്തങ്ങളെ കുറിച്ചുള്ള വിവരണം

| ക്രമനമ്പർ | അപകടം/ദുരന്തം | വർഷം | നാശനഷ്ടങ്ങൾ |
|---|---|---|---|
| 1 | സുനാമി | 2004 | |
| 2 | ഓഖി | 2017 | |

IV. ദുരന്ത സാധ്യതാ പട്ടിക (ഏതൊക്കെ കാലങ്ങളിൽ എന്തൊക്കെ ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട് എന്നതിനെക്കുറിച്ചുള്ള വിവരം)

| ദുരന്തം | ജനു | ഫെബ്രു | മാർ | ഏപ്രി | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ്റ്റ | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| വെള്ളപ്പൊക്കം | | | | | | | | | | | | |
| ചുഴലിക്കാറ്റ് | | | | | | | | | | | | |
| വരൾച്ച | | | √ | √ | | | | | | | | |
| കടൽക്ഷോഭം | | | | | √ | √ | √ | | | √ | √ | |
| | | | | | | | | | | | | |

V. പ്രത്യേകശ്രദ്ധ ആവശ്യമുള്ള കുട്ടികളുടെ വിവരങ്ങൾ (ഉദാ: ഭിന്നശേഷിക്കാർ)

VI. സ്കൂളിലെ കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരണം, ദുരന്തങ്ങൾ നേരിടുവാൻ കെട്ടിടങ്ങൾക്ക് സാധിക്കുമോ എന്ന് വിലയിരുത്തുകയും ചെയ്യുക.

VII. സ്കൂളിലെ മാനുഷിക - ഭൗതിക വിഭവങ്ങളുടെ വിവരണം

1. കെട്ടിടങ്ങളുടെ വിവരം

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പേര് | മുറികളുടെ എണ്ണം | ക്ലാസ് മുറികളുടെ എണ്ണം | മേൽക്കൂര (ഓല/ ഓട്/ ടിൻ ഷീറ്റ്/ വാർപ്പ്) | കെട്ടിടത്തിന്റെ പഴക്കം |
|---|---|---|---|---|---|
| | | 3 | 3 | വാർപ്പ് | 10 വർഷം |
| | | | 10 | ടിൻഷീറ്റ് | 57 വർഷം |
| | | | | | |

2. തുറസായ സ്ഥലങ്ങളുടെ വിവരം

| ക്രമ നമ്പർ | വിവരണം | വിസ്തീർണ്ണം | സ്കൂളിന്റെ വിവിധ കെട്ടിടങ്ങളിൽ നിന്നുള്ള ദൂരം |
|---|---|---|---|
| | | | |
| | | | |

3. സ്കൂൾ ദുരന്ത നിവാരണ സമിതി

| ക്രമ നമ്പർ | പേര് | പദവി | ഫോൺ നമ്പർ | |
|---|---|---|---|---|
| | | | ഓഫീസ് | വീട്/ മൊബൈൽ |
| 1 | ഷീജ ആർ | ഹെഡ്മിസ്ട്രസ് | എസ് എൻ വി പി യു പി എസ് | 9746582110 |
| 2 | | | | |

4. മുന്നൊരുക്ക നടപടികളുടെ വിവരങ്ങൾ (പരിശീലനം/മോക്ക് ഡ്രിൽ)

| ക്രമ നമ്പർ | തരം (ഉദാ. ഭൂകമ്പ ഡ്രിൽ/ അദ്ധ്യാപക പരിശീലനം) | തിയതി | ചുമതല | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| | | | | |
| | | | | |

VIII. സ്കൂളിൽ പ്രവർത്തന സജ്ജമായ എത്ര അഗ്നിശമന ഉപകരണങ്ങൾ ഉണ്ട്?

സ്കൂളിലെ സൗകര്യങ്ങൾ വിവരിക്കുന്ന ഭൂപടം, വിഭവ ഭൂപടം, സുരക്ഷിത സ്ഥാനങ്ങളുടെ ഭൂപടം, ദുരന്തമുണ്ടായാൽ കുട്ടികളെയും മുതിർന്നവരെയും ഒഴിപ്പിക്കുന്നതിനുള്ള വഴികൾ രേഖപ്പെടുത്തിയ ഭൂപടം എന്നിവ അനുബന്ധമായി ചേർക്കുക

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽകരണം ഇപ്പോൾ തന്നെ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ അത്യാവശ്യമാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# നന്ദി